**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 303** **08-08-2023 - ൽ മറുപടിയ്ക്ക്**

**റേഷൻകടകളെ കെ-സ്റ്റോറുകളാക്കി ഉയർത്തുന്ന നടപടിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ ഉത്പന്നങ്ങളും സേവനങ്ങളും നൽകുന്നതിനായാണ് കെ-സ്റ്റോർ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അതിന്റെ പ്രാരംഭ ഘട്ടം എന്ന നിലയിൽ കെ-സ്റ്റോർ വഴി ജനസേവന കേന്ദ്രങ്ങൾ മുഖേന നൽകുന്ന അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. CSC(കോമൺ സർവ്വീസ് സെന്റർ) വഴിയുള്ള യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, 10000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു. |
| (ബി) | ഇടതുപക്ഷ സർക്കാരുകളുടെ ഇടപെടൽ സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളെ കാലോചിതവും പരിഷ്കൃതവും ഉണഭോക്തൃ സൗഹാർദ്ദവുമാക്കി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇടതുപക്ഷ സർക്കാരുകളുടെ ഇടപെടലിലൂടെ കാലോചിതവും പരിഷ്കൃതവും ഉപഭോക്തൃ സൗഹാർദവുമായ പൊതുവിതരണ കേന്ദ്രങ്ങളാക്കി മാറ്റിയതിന്റെ ഭാഗമായാണ് കെ-സ്റ്റോർ പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളും കെ-സ്റ്റോർ വഴി നൽകി വരുന്നു. മിൽമയുടെ തെരഞ്ഞെടുത്ത ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്ക് പുറമേ CSC(കോമൺ സർവ്വീസ് സെന്റർ) സേവനങ്ങൾ എന്നിവയും നൽകുന്നു. ഇവയ്ക്ക് പുറമെ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും വിപണനം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളും ഘട്ടം ഘട്ടമായി സ്മാർട്ട് റേഷൻ കടകളാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ മലയോര / വിദൂര / ഒറ്റപ്പെട്ട / ആദിവാസി മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് നിലവിൽ കെ-സ്റ്റോർ പദ്ധതിയിലേക്കുള്ള റേഷൻ കടകൾ തെരഞ്ഞെടുക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 108 കടകൾ തെരഞ്ഞെടുക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഓണത്തിന് മുൻപായി 200 കടകൾ കൂടി കെ-സ്റ്റോറുകൾ ആക്കുന്ന നടപടി തുടർന്ന് വരുന്നു. |
| (ഡി) | ഇതിന്റെ ഭാഗമായി റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി ഘട്ടം ഘട്ടമായി കെ-സ്റ്റോറുകളാക്കി ഉയർത്തുന്ന നടപടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ആദ്യ ഘട്ടത്തിൽ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ചിട്ടുള്ള 108 കെ-സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തുമ്പോ൦ പദ്ധതി തികച്ചും ആശാവാഹമാണ് എന്ന് കാണുന്നു. കെ-സ്റ്റോറുകൾ ആരംഭിച്ചതു മുതൽ ജൂലൈ 2023 വരെയുള്ള ചെറിയ കാലയളവിൽ തന്നെ ഏകദേശം 20 ലക്ഷം രൂപയുടെ സാധനങ്ങളും സേവനങ്ങളും കെ-സ്റ്റോറുകൾ വഴി പൊതുജനത്തിന് ലഭ്യമായിട്ടുണ്ട്. |
| (ഇ) | കെ-സ്റ്റോറുകളാക്കി മാറ്റുന്ന റേഷൻകടകളുടെ ലൈസൻസികൾക്ക് ബാങ്കുകളുടെ സഹായത്തോടെ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ